## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4050** **28-06-2024 - ൽ മറുപടിയ്ക്ക്**

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മേജർ ആശുപത്രി തലത്തിൽ ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ടി സ്ഥാപനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ തസ്തിക നിലവിൽ ഇല്ല. കോട്ടയം ജില്ലയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ഒരു തസ്തിക മാത്രമാണ് നിലവിൽ ഉള്ളത്. ആയത് കോട്ടയം ജനറൽ ആശുപത്രിയിലാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. |
| (ബി) | ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആവശ്യമായി വരുന്നതും പ്രസ്തുത തസ്തിക ഇല്ലാത്തതുമായ മണ്ഡലത്തിലെ മറ്റ് ആശുപത്രികളിൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | കോട്ടയം ജില്ലയിൽ നിലവിലുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ഒരു തസ്തിക കോട്ടയം ജനറൽ ആശുപത്രിയിലാണ് അനുവദിച്ചിരിക്കുന്നത്. പാലാ വിമുക്തി ലഹരി വിമോചന കേന്ദ്രത്തിലും ഡി.എം.എച്ച്.പി. കോട്ടയം വിംഗിലും താൽക്കാലിക നിയമനാടിസ്ഥാനത്തിൽ ഓരോ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കി വരുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന നാല് ജനറൽ ആശുപത്രികളിലും താലൂക്കാശുപത്രിയിലുമാണ് മെഡിക്കൽ ബോർഡ് കൂടുന്നതും സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതും. ടി ബോർഡുകളിലേയ്ക്കും വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ വച്ച് നടക്കുന്ന ഓട്ടിസം ബോർഡ്, എസ്.എൽ.ഡി.ഐ.ഡി. ക്യാമ്പുകൾ, സോഷ്യൽ സെക്യൂരിറ്റി മിഷൻ ക്യാമ്പുകൾ, ബി.ആർ.സി. ക്യാമ്പുകൾ എന്നിവയിലേയ്ക്കും ഈ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം നൽകി വരുന്നുണ്ട്. ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും മേൽ പരാമർശിച്ചിരിക്കുന്ന ക്യാമ്പുകളിലേയ്ക്കും നിലവിൽ ജില്ലാ തലത്തിൽ രൂപീകരിച്ചിരിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ പ്രത്യേക പൂളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ